**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1696** **16-10-2026-ൽ മറുപടിയ്ക്ക്**

**ഗ്രാമപ്രദേശങ്ങളിലെ ലാഭകരമായ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** ഗ്രാമ പ്രദേശങ്ങളിലൂടെ ലാഭകരമായി ഓടിയിരുന്ന ഒട്ടനവധി സർവ്വീസുകൾ മുൻ സർക്കാരിന്റെ കാലത്ത് നിർത്തലാക്കി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** ഗ്രാമ പ്രദേശങ്ങളിലൂടെ അടക്കം സർവീസ് നടത്തി വന്നിരുന്നതും ഇതര സ്റ്റേജ് കാര്യേജ് സൗകര്യങ്ങൾ ഉള്ളതുമായ ചില റൂട്ടുകളിൽ അടക്കം സർവീസുകൾ നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്ത് കോവിഡ്-19 വ്യാപനത്തെ തുടർന്ന് നിന്നുപോയ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ / ട്രിപ്പുകൾ ഡിമാന്റ് വർദ്ധിക്കുന്നതിനനുസരിച്ച് ജനോപകാരപ്രദമായി പുനഃക്രമീകരിച്ച് പുനരാരംഭിച്ച് വരുന്നുണ്ട്.

**(ബി)** കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പൂർണ്ണമായും ലാഭകരമാക്കുന്നതിന് ഷെഡ്യൂൾ പരിഷ്കരണം ഉൾപ്പെടെ പഠിച്ച് നടപ്പാക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** നിലവിൽ പരിഗണനയിലില്ല.

**(സി)** കെ.എസ്.ആർ.ടി.സി. യുടെ സമഗ്ര പുരോഗതിയ്ക്ക് എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**മറുപടി:** കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ബസ് സ്പോൺസർഷിപ്പ് പദ്ധതി

കെ.എസ്.ആർ.ടി.സി.യുടെ ബസ് ശൃംഖല വിപുലീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, കമ്പനികൾ, വ്യക്തികൾ എന്നിവർക്ക് ബസുകൾ നേരിട്ട് വാങ്ങി നൽകുകയോ തുക കൈമാറുകയോ ചെയ്യാവുന്നതാണ്. കൂടാതെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഒരു എം.എൽ.എ.യ്ക്ക് പരമാവധി 3 ബസുകൾ വരെ വാങ്ങി നൽകുവാനും സർക്കാർ

പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ലഭ്യമാകുന്ന ബസുകൾ ഉപയോഗിച്ച് സർവീസുകൾ ആരംഭിച്ച് വരുമാന വർദ്ധനവ് സാധിക്കുന്നതാണ്.

2. വെറ്റ് ലീസ് സർവീസുകൾ

വെറ്റ് ലീസ് വ്യവസ്ഥയിൽ ബസുകൾ വാടകയ്ക്ക് എടുത്ത് സർവീസ് നടത്തിവരുന്ന മാതൃകയിൽ ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവ സീസണിലേയ്ക്ക് സർവീസ് നടത്തുന്നതിനായി വെറ്റ് ലീസ് ബസുകൾ നോൺ എ.സി. ബസുകൾ ക്രമീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിലൂടെ നിലവിലെ സർവീസുകളെ ബാധിക്കാത്ത വിധം ഭക്തജനങ്ങൾക്ക് കൂടുതൽ യാത്രാ സൗകര്യം ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്.

3. AI അധിഷ്ഠിത ഷെഡ്യൂളിംഗ്

കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും ഒരേ റൂട്ടിൽ ഒരേ സമയത്തോ തൊട്ട് പിന്നാലെയോ ഒന്നിലധികം ബസുകൾ തുടർച്ചയായി സർവീസ് നടത്തുന്നത് മൂലമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അടിസ്ഥാനമാക്കിയുള്ള ഷെഡ്യൂളിംഗ് സംവിധാനം നടപ്പിലാക്കിവരുന്നു. ടി സോഫ്റ്റ്‌വെയർ വഴി ഡ്യൂട്ടി ഷെഡ്യൂളുകൾ, ടിക്കറ്റ് വരുമാന വിവരങ്ങൾ, ജി.പി.എസ്. ട്രാക്കിംഗ്, ബസുകൾക്കിടയിലെ സമയക്രമം എന്നിവ AI മുഖേന വിശകലനം ചെയ്യാൻ സാധിക്കുന്നതാണ്.

4. റീഫർബിഷ്ഡ് ബസുകൾ

യാത്രക്കാർക്ക് കൂടുതൽ മികച്ച യാത്രാ സൗകര്യം ഒരുക്കുന്നതിനും പ്രതിസന്ധികൾ പരിഹരിക്കുന്നതിനും സാങ്കേതികമായി മികച്ച പഴയ ബസുകൾ വളരെ കുറഞ്ഞ ചെലവിൽ അത്യാധുനിക രീതിയിൽ നവീകരിച്ച് അന്തരീക്ഷ മലിനീകരണവും ഇന്ധന ചെലവും കുറച്ച് മികച്ച രീതിയിൽ വിവിധ ദീർഘദൂര റൂട്ടുകളിൽ ക്രമീകരിക്കുവാൻ കഴിയുന്നതാണ്.

കെ.എസ്.ആർ.ടി.സി.യിൽ വാട്ട്സ്ആപ്പ് അധിഷ്ഠിത ടിക്കറ്റ് ബുക്കിംഗ് സംവിധാനം

യാത്രക്കാർക്ക് കൂടുതൽ ലളിതവും സൗകര്യ പ്രദവുമായ രീതിയിൽ ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കെ.എസ്.ആർ.ടി.സി. വാട്ട്സ്ആപ്പ് അധിഷ്ഠിത ടിക്കറ്റ് ബുക്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അധിഷ്ഠിതവും വിവിധ ഭാഷകളിൽ ആശയവിനിമയം നടത്താൻ കഴിയുന്നതുമായ ഈ സംവിധാനത്തിലേക്ക് ക്യൂ.ആർ. കോഡ് (QR Code) സ്കാൻ ചെയ്യുകയോ ക്ലിക്ക്-ടു-ചാറ്റ് (Click-to-Chat) ലിങ്ക് ഉപയോഗിക്കുകയോ ചെയ്ത് പ്രവേശിക്കാവുന്നതാണ്. യാത്രക്കാർക്ക് ബസ് സർവീസുകൾ തിരയുക, സർവീസുകളും സീറ്റ് ലഭ്യതയും പരിശോധിക്കുക, സീറ്റ് തിരഞ്ഞെടുക്കുക, ഡിജിറ്റൽ പേയ്മെന്റ് വഴി ടിക്കറ്റ് ബുക്ക് ചെയ്യുക തുടങ്ങിയ സേവനങ്ങൾ ഇതിലൂടെ ലഭ്യമാകും.

ബുക്കിംഗ് പൂർത്തിയാകുന്നതോടെ പി.എൻ.ആർ. നമ്പർ, സീറ്റ് വിവരങ്ങൾ, ബോർഡിംഗ് നിർദേശങ്ങൾ, ഇ-ടിക്കറ്റ് എന്നിവ വാട്ട്സ്ആപ്പ് മുഖേന ലഭിക്കുന്നതാണ്. കൂടാതെ, നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ടിക്കറ്റ് റദ്ദാക്കൽ, റീഫണ്ട് വിവരങ്ങൾ അറിയൽ തുടങ്ങിയ സേവനങ്ങളും ലഭ്യമാക്കുന്നു.

കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റം (OPRS), പേയ്മെന്റ് ഗേറ്റ്‌വേ എന്നിവയുമായി സംയോജിപ്പിച്ചാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. നിലവിലുള്ള ഓൺലൈൻ റിസർവേഷൻ സൗകര്യങ്ങൾക്ക് അനുബന്ധമായി നടപ്പിലാക്കിയ ഈ

സംരംഭം യാത്രാസേവനങ്ങളുടെ ഡിജിറ്റൽവൽക്കരണം ശക്തിപ്പെടുത്തുന്നതിനും യാത്രക്കാർക്ക് കൂടുതൽ സൗകര്യപ്രദമായ ടിക്കറ്റ് ബുക്കിംഗ് അനുഭവം ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു.

<u>കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസം ഓൺലൈൻ പ്ലാറ്റ്ഫോം</u>

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ (കെ.എസ്.ആർ.ടി.സി.) ബജറ്റ് ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി ബജറ്റ് ടൂറിസം ഓൺലൈൻ പ്ലാറ്റ്ഫോം നടപ്പിലാക്കിയിട്ടുണ്ട്.

ഈ പ്ലാറ്റ്ഫോമിലൂടെ ലഭ്യമായ ടൂർ പാക്കേജുകൾ, യാത്രാ തീയതികൾ, നിരക്കുകൾ, യാത്രാ വിവരങ്ങൾ എന്നിവ ഓൺലൈനായി പരിശോധിക്കുന്നതിനും അനുയോജ്യമായ പാക്കേജുകൾ തിരഞ്ഞെടുക്കുന്നതിനും ബുക്കിംഗ് നടത്തുന്നതിനും യാത്രക്കാർക്ക് സൗകര്യമുണ്ട്. ഓൺലൈൻ ബുക്കിംഗും ഡിജിറ്റൽ പേയ്മെന്റും സാധ്യമാക്കുന്നതിലൂടെ ടിക്കറ്റ് ബുക്കിംഗ് നടപടികൾ ലളിതവും സുതാര്യവുമാക്കാൻ സാധിക്കുന്നു.

ഈ സംവിധാനത്തിലൂടെ കെ.എസ്.ആർ.ടി.സി.യുടെ ബജറ്റ് ടൂറിസം സേവനങ്ങളുടെ പ്രചാരം വർധിപ്പിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സൗകര്യപ്രദമായ ബുക്കിംഗ് അനുഭവം ഉറപ്പാക്കുന്നതിനും ടൂറിസം പ്രവർത്തനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു.

<u>കെ.എസ്.ആർ.ടി.സി. റിസർവേഷൻ വെയിറ്റിംഗ് ലിസ്റ്റ് സംവിധാനം</u>

പൂർണ്ണമായും സീറ്റുകൾ ബുക്ക് ചെയ്ത സർവീസുകളിൽ യാത്രക്കാർക്ക് മുൻഗണനാക്രമത്തിൽ വെയിറ്റിംഗ് ലിസ്റ്റിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം കെ.എസ്.ആർ.ടി.സി. ഓൺലൈൻ റിസർവേഷൻ സംവിധാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്ഥിരീകരിച്ച ടിക്കറ്റിന് ബാധകമായ മുഴുവൻ നിരക്കും അടച്ച് വെയിറ്റിംഗ് ലിസ്റ്റിൽ ബുക്ക് ചെയ്യാവുന്നതാണ്. സ്ഥിരീകരിച്ച ടിക്കറ്റുകൾ റദ്ദാക്കുന്ന സാഹചര്യത്തിൽ മുൻഗണനാക്രമത്തിൽ വെയിറ്റിംഗ് ലിസ്റ്റിലുള്ള യാത്രക്കാർക്ക് സീറ്റ് സ്വയമേവ അനുവദിക്കുന്നതാണ്. ചാർട്ട് തയ്യാറാക്കുന്ന സമയത്തും വെയിറ്റിംഗ് ലിസ്റ്റിൽ തുടരുന്ന യാത്രക്കാർക്ക് യാതൊരു കിഴിവും കൂടാതെ മുഴുവൻ തുകയും സ്വയമേവ തിരികെ ലഭിക്കുന്നതാണ്. കൂടാതെ, റൂട്ട്, സർവീസ്, തീയതി എന്നിവ അടിസ്ഥാനമാക്കി വെയിറ്റിംഗ് ലിസ്റ്റ് ആവശ്യകത നിരീക്ഷിക്കുന്നതിനും അധിക സർവീസുകൾ അനുവദിക്കുന്നതിനുള്ള സാധ്യതകൾ വിലയിരുത്തുന്നതിനുമായി ഓപ്പറേഷൻസ് വിഭാഗത്തിനും ഡിപ്പോകൾക്കും ഡാഷ്ബോർഡ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

<u>കെ.എസ്.ആർ.ടി.സി.യിലെ Integrated Expense and Revenue Management System (IERMS)</u>

കെ.എസ്.ആർ.ടി.സി.യിലെ സാമ്പത്തിക പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും ഡിജിറ്റലൈസ് ചെയ്യാനും രൂപകൽപ്പന ചെയ്ത ഒരു കേന്ദ്രീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് ഇന്റഗ്രേറ്റഡ് എക്സ്പെൻസ് ആന്റ് റെവന്യൂ മാനേജ്മെന്റ് സിസ്റ്റം (IERMS). ഇലക്ട്രോണിക് ക്യാഷ് ബുക്ക്, ജേർണൽ, ലെഡ്ജർ മാനേജ്മെന്റ്, അക്കൗണ്ടിംഗ് എൻട്രികൾ, ബജറ്റ് നിരീക്ഷണം, ബിൽ പ്രോസസ്സിംഗ്, റിപ്പോർട്ട് ജനറേഷൻ, സാമ്പത്തിക വിശകലനം തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിലൂടെ നിർവഹിക്കാനാകും. വിവിധ പ്രവർത്തന സംവിധാനങ്ങളിൽ നിന്നുള്ള സാമ്പത്തിക വിവരങ്ങൾ ഏകോപിപ്പിക്കുന്നതിലൂടെ കണക്കുകളുടെ കൃത്യത, സുതാര്യത, ഉത്തരവാദിത്തം, നിയമാനുസൃതമായ സാമ്പത്തിക നിയന്ത്രണം എന്നിവ ഉറപ്പാക്കുന്നതിനും തത്സമയ സാമ്പത്തിക നിരീക്ഷണത്തിലൂടെ കാര്യക്ഷമമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും IERMS സഹായിക്കുന്നു.

<u>സ്റ്റേഷൻ മാസ്റ്റർമാർക്കായുള്ള വാഹന വിവര മൊഡ്യൂൾ</u>

യാത്രക്കാർക്ക് ബസ് സർവീസുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും ലഭ്യമാക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ ചലോ ഡാഷ്ബോർഡിൽ സ്റ്റേഷൻ മാസ്റ്റർമാർക്കായി പ്രത്യേക വാഹന വിവര മൊഡ്യൂൾ വികസിപ്പിച്ചിട്ടുണ്ട്.

ഈ മൊഡ്യൂൾ മുഖേന സ്റ്റേഷൻ മാസ്റ്റർമാർക്ക് വിവിധ റൂട്ടുകളിൽ സർവീസ് നടത്തുന്ന വാഹനങ്ങളുടെ വിവരങ്ങൾ, ബന്ധപ്പെട്ട റൂട്ടുകളിൽ അടുത്തതായി എത്താനിരിക്കുന്ന ബസുകളുടെ വിശദാംശങ്ങൾ, വാഹനങ്ങളുടെ അലോട്ട്മെന്റ് വിവരങ്ങൾ, ബന്ധപ്പെട്ട ക്രൂ അംഗങ്ങളുടെ വിവരങ്ങൾ എന്നിവ പരിശോധിക്കാനാകും. ഒരു റൂട്ടിൽ നിന്ന് മറ്റൊരു റൂട്ടിലേക്ക് യാത്ര ചെയ്യുന്നതിനായി യാത്രക്കാർ വിവരങ്ങൾ അന്വേഷിക്കുന്ന സാഹചര്യത്തിൽ, ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ ബസ് സർവീസുകളെക്കുറിച്ചും അടുത്തതായി എത്തുന്ന വാഹനങ്ങളെക്കുറിച്ചും കൃത്യമായ വിവരങ്ങൾ നൽകാൻ ഈ സംവിധാനം സഹായിക്കുന്നു.

ഈ സംവിധാനം സ്റ്റേഷൻ മാസ്റ്റർമാർ മുഖേന യാത്രക്കാർക്ക് മെച്ചപ്പെട്ട വിവരസേവനം ഉറപ്പാക്കുന്നതിനും യാത്രാസൗകര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനക്ഷമത വർധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ബസുകളിലും ഡിജിറ്റൽ എഫ്.എം. റേഡിയോ ലഭ്യമാക്കികൊണ്ട് വിനോദ വിജ്ഞാന പരിപാടികൾക്കൊപ്പം പരസ്യ പ്രക്ഷേപണവും ചെയ്ത് വരുമാന മാർഗ്ഗമാക്കി മാറ്റുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ടെണ്ടർ പ്രക്രിയയിലൂടെ ഇത് നടപ്പിലാക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യിൽ കാർഗോ സംവിധാനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾക്ക് കാർഗോ സേവനം നൽകുന്നതിന് പ്രസ്തുത സ്ഥാപനവുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി.യിൽ ഡിപ്പോ-ടു-ഡിപ്പോ സംവിധാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൊറിയർ ആന്റ് ലോജിസ്റ്റിക്സ് സർവ്വീസ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഡോർ-ടു-ഡോർ ഡെലിവറി സംവിധാനം കെ.എസ്.ആർ.ടി.സി.യിൽ ആരംഭിക്കുന്നതിനായി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുരോഗതിക്കായി ബസ് സ്റ്റേഷനുകളുടെയും ഡിപ്പോകളുടെയും നവീകരണവും ആധുനികവൽക്കരണവും, യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കൽ, ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം, വാണിജ്യാടിസ്ഥാനത്തിലുള്ള വികസനം എന്നിവയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി, പ്ലാൻ ഫണ്ട്, MLA ഫണ്ട് എന്നിവ ലഭ്യമാക്കി പുതിയ ബസ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് കെ.എസ്.ആർ.ടി.സി. ഡിപ്പോകളും ബസ് സ്റ്റേഷനുകളും നവീകരിക്കുന്നതിനുള്ള മാർഗനിർദേശങ്ങളിൽ ഭേദഗതി വരുത്തുന്നതിനും നടപടികൾ സർക്കാർ തലത്തിൽ പുരോഗമിക്കുന്നു.

കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുരോഗതിയ്ക്ക് Annual Plan Fund, MLA ആസ്തി വികസന പദ്ധതി ഫണ്ട്, സ്പോൺസർഷിപ്പ് പദ്ധതി എന്നിവ മുഖാന്തരം 500 പുതിയ ബസുകൾ നിരത്തിലിറക്കുന്നതിന് ലക്ഷ്യമിടുന്നു.

കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുരോഗതിക്കായി ബസ് സ്റ്റേഷനുകളുടെയും ഡിപ്പോകളുടെയും നവീകരണവും ആധുനികവൽക്കരണവും, യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കൽ, ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം, വാണിജ്യാടിസ്ഥാനത്തിലുള്ള വികസനം എന്നിവയുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി, പ്ലാൻ ഫണ്ട്, MLA ഫണ്ട് എന്നിവ ലഭ്യമാക്കി പുതിയ ബസ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

താഴെ പറയുന്ന സ്ഥലങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ബസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിൻ തീരുമാനം ആയിട്ടുണ്ട്.

1. ആറ്റിങ്ങൽ
2. വിഴിഞ്ഞം
3. പേരൂർക്കട
4. കണിയാപുരം
5. കൊല്ലം
6. കൊട്ടാരക്കര
7. പുനലൂർ
8. പമ്പ
9. മാവേലിക്കര
10. ചെറുതോണി
11. മൂലമറ്റം
12. മൂന്നാർ
13. എറണാകുളം കാരിക്കാമുറി
14. പാലാ
15. നോർത്ത് പറവൂർ
16. തൃശ്ശൂർ
17. ചാലക്കുടി
18. ചിറ്റൂർ
19. പമ്പ

കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗ മാർഗ്ഗ നിർദേശങ്ങൾ പ്രകാരം അനുവദനീയമായ നവീകരണ പ്രവൃത്തികൾ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ബസ് സ്റ്റേഷനുകളിലും നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**